Malayala Manorama 24-06-2026

# സർക്കാരിനു വീഴ്ചയെന്ന് സിഎജി

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● സംസ്ഥാനത്ത് ഫിറ്റ്നസ് ഇല്ലാത്ത 48,059 വാഹനങ്ങൾ 197 അപകടങ്ങളും റജിസ്ട്രേഷൻ ഇല്ലാത്ത വാഹനങ്ങൾ 147 അപകടങ്ങളും സൃഷ്ടിച്ചെന്നും ഇതിൽ 32 പേർ കൊല്ലപ്പെട്ടെന്നും കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി ) കണ്ടെത്തൽ. ഫിറ്റ്നസ് കാലാവധി കഴിഞ്ഞിട്ടും ഈ വാഹനങ്ങൾ നിരത്തിലിറങ്ങുന്നതു തടയാൻ സർക്കാരിനായില്ല. ഇതുവഴി പിഴയിനത്തിൽ 23.12 കോടി രൂപ നഷ്ടമായി.

ആർസി ഇല്ലാത്ത വാഹനങ്ങളിൽനിന്നു നികുതി സ്വീകരിക്കുകയും ഇവയെ നിരത്തിലിറങ്ങാൻ അനുവദിക്കുകയും ചെയ്തു. ഇതുവഴിയുള്ള നഷ്ടം 24.57 കോടി രൂപ. 557 ബസുകളും 1063 ടിപ്പർ ലോറികളും ഉൾപ്പെടെ 1620 വാഹനങ്ങൾ പെർമിറ്റില്ലാതെ സർവീസ് നടത്തിയതിനാൽ നഷ്ടമായത് 12.18 കോടി രൂപ.

നികുതി ചോർച്ചയ്ക്കു മാത്രമല്ല, മനുഷ്യന്റെ ജീവനെടുക്കാൻപോലും കാരണമായ ഈ വെട്ടിപ്പിനെതിരെ നടപടിയെടുക്കുന്നതിൽ സർക്കാരിനു വീഴ്ച സംഭവിച്ചെന്നും സിഎജി കുറ്റപ്പെടുത്തി.

സുതാര്യത ഉറപ്പാക്കാനും അഴിമതി ഒഴിവാക്കാനുമായി 9 ഓട്ടമേറ്റഡ് ഡ്രൈവിങ്
ടെസ്റ്റ് ട്രാക്കുകളും 9 ഓട്ടമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകളും സ്ഥാപിക്കാൻ 37.48 കോടി രൂപ ചെലവഴിച്ചെങ്കിലും 2 ഡ്രൈവിങ് ട്രാക്കുകൾ മാത്രമാണു പ്രവർത്തിക്കുന്നത്. ഒരു ടെസ്റ്റിങ് സ്റ്റേഷൻ പോലും തുറന്നിട്ടില്ല. ഇതോടെ ലൈസൻസ് പരിശോധനകൾ ഇപ്പോഴും പഴയപടി ഉദ്യോഗസ്ഥർ നേരിട്ട് നടത്തുകയാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

Malayala Manorama 24-06-2026

## സിഎജി റിപ്പോർട്ടിൽ ഗുരുതര കുറ്റപ്പെടുത്തൽ

# കോടികളുടെ മദ്യം ആവിയായോ!

**മനോരമ ലേഖകൻ**

▸▸ മദ്യം കാണാതായതിലൂടെ 53 കോടിയും നികുതി ഇളവിലൂടെ 19.71 കോടിയും നഷ്ടം

▸▸ തട്ടിപ്പുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത്; ആഭ്യന്തര ഓഡിറ്റ് വേണമെന്ന് സിഎജി

തിരുവനന്തപുരം ● മദ്യം നിർമിക്കാനുപയോഗിക്കുന്ന എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ സ്റ്റോക്കിൽ വൻ കുറവു കണ്ടെത്തിയിട്ടും നടപടിയെടുക്കാതെ 53 കോടിയുടെ നികുതി നഷ്ടമുണ്ടാക്കിയത് അടക്കം മദ്യവിതരണവുമായി ബന്ധപ്പെട്ടു സംസ്ഥാനത്തു കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒട്ടേറെ തട്ടിപ്പുകൾ നടന്നതായി കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട്. തിരുവല്ലയിലെ ഡിസ്റ്റിലറിയിൽ നടന്ന മോഷണത്തിനു ശേഷം ഉയർന്ന ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിലാണ് സ്റ്റോക്കിൽ കുറവു കണ്ടെത്തിയത്. പൊലീസ് കേസെടുത്തതല്ലാതെ കാണാതായ സ്പിരിറ്റിന്റെ നികുതി ഈടാക്കാനോ ഇതിനു പിന്നിൽ പ്രവർത്തിച്ചവരിൽനിന്നു പണം ഈടാക്കാനോ എക്സൈസ് വകുപ്പ് തയാറായില്ല. ഇതാണു നഷ്ടം വരുത്തിവച്ചത്.

ബാറുകൾ നൽകേണ്ട ടേൺഓവർ ടാക്സിൽ ഉദ്യോഗസ്ഥർ വിൽപന നികുതി ഉൾപ്പെടുത്താത്തതു കാരണം നികുതി വരുമാനത്തിൽ ഒന്നര കോടി രൂപയുടെ നഷ്ടമുണ്ടായി. കഞ്ചിക്കോട്ടെ ഒരു ബ്രൂവറി ഡിസ്റ്റിലറി അടക്കം പലർക്കും നികുതി ഇളവ് നൽകിയതു വഴി 19.71 കോടി രൂപയുടെ നികുതി വെട്ടിപ്പിന് ഉദ്യോഗസ്ഥർ കൂട്ടുനിന്നു. പുതുക്കിയ നികുതി നിരക്കുകൾ കൃത്യമായി പരിശോധിക്കാത്തതിനാൽ മറ്റൊരു 3.71 കോടി രൂപയും സർക്കാരിനു നഷ്ടമായി.

മാഹിയിലേക്ക് മദ്യം കൊണ്ടുപോകാനായി എക്സൈസ് വകുപ്പ് നൽകിയ ട്രാൻസിറ്റ് പെർമിറ്റുകൾ പരിശോധിച്ചപ്പോൾ 1.10 ലക്ഷം ലീറ്റർ ഇന്ത്യൻ നിർമിത വിദേശമദ്യം അടങ്ങിയ 22 ലോഡ് അതിർത്തി ചെക്പോസ്റ്റുകൾ കടന്നിട്ടില്ലെന്നു കണ്ടെത്തി. സംസ്ഥാനത്തിനു പുറത്തേക്കു പോകേണ്ട മദ്യം കേരളത്തിലെ തന്നെ കരിഞ്ചന്തയിലേക്കു വഴിതിരിച്ചുവിട്ടെന്നാണു സംശയം. ഇതിലൂടെ 5.10 കോടി രൂപയുടെ എക്സൈസ് ഡ്യൂട്ടി സംസ്ഥാനത്തിനു നഷ്ടപ്പെട്ടു. കൃത്യമായ ആഭ്യന്തര ഓഡിറ്റ് വേണമെന്നും സിഎജി നിർദേശിച്ചു.

# കേന്ദ്രത്തെ തെറ്റിദ്ധരിപ്പിച്ച് 6,149 കോടി കടമെടുത്തു: സിഎജി

▸▸ ദുരിതാശ്വാസ നിധിയിലെ 262 കോടി വകമാറ്റി; കടബാധ്യത ആശങ്കപ്പെടുത്തുന്നത്

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് (2024-25) കേന്ദ്രത്തെ തെറ്റിദ്ധരിപ്പിച്ച് 6,149 കോടി രൂപ കടമെടുത്തെന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 262 കോടി രൂപ വകമാറ്റി ഉപയോഗിച്ചെന്നും കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) റിപ്പോർട്ടിൽ കണ്ടെത്തൽ. മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ 3 ശതമാനമാണ് സംസ്ഥാനത്തിനു കടമെടുക്കാനാകുക. ഊർജമേഖലയിൽ മെച്ചപ്പെട്ട പ്രകടനം നടത്തിയാൽ അര ശതമാനം തുക അധികം കടമെടുക്കാം. ഇതിന്റെ ഭാഗമായി കെഎസ്ഇബിയുടെ നഷ്ടം 494 കോടി രൂപ മുടക്കി സർക്കാർ ഏറ്റെടുത്തു. ഇത്രയും തുക കെഎസ്ഇബിയുടെ അക്കൗണ്ടിലേക്കു കൈമാറുകയും ഇതിന്റെ പേരിൽ 6,149 കോടിയുടെ അധിക കടമെടുപ്പിനുള്ള അനുമതി കേന്ദ്രത്തിൽനിന്നു നേടുകയും ചെയ്തു. കാര്യം നടന്നു കഴിഞ്ഞപ്പോൾ കെഎസ്ഇബിക്കു നൽകിയ തുക തിരികെ ട്രഷറിയിലേക്കു മാറ്റിയെന്നു സിഎജി കുറ്റപ്പെടുത്തി.

ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ 6,149 കോടി രൂപ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് വെട്ടിക്കുറയ്ക്കാൻ ഇടയുണ്ട്. ദുരിതാശ്വാസ നിധിയിലെ പണം വകമാറ്റി റവന്യൂ, ധന കമ്മി കുറച്ചുകാണിച്ചെന്നും റിപ്പോർട്ട് കുറ്റപ്പെടുത്തി.

### കണ്ടെത്തലുകൾ/ശുപാർശകൾ

● സംസ്ഥാനത്തിന്റെ വരുമാന വളർച്ച മുരടിച്ചുനിൽക്കുമ്പോഴും കടബാധ്യതകളും മറ്റു സാമ്പത്തിക ബാധ്യതകളും ആശങ്കപ്പെടുത്തുന്ന തരത്തിൽ ഉയരുകയാണ്.

● മൊത്ത ആഭ്യന്തര ഉൽപാദനം (9.97%) വളർച്ച നേടിയെങ്കിലും അതിനനുസരിച്ചു നികുതി വരുമാനം ഉയർന്നില്ല.

● തനതു നികുതി വരുമാന വളർച്ചനിരക്ക് 1.89 ശതമാനത്തിൽനിന്ന് 0.31 ശതമാനമായി ഇടിഞ്ഞു. ജിഎസ്ടിയിൽ 5.73% മാത്രമാണു വളർച്ച.

● കേന്ദ്ര വിഹിതം 14% കൂടിയെങ്കിലും റവന്യൂ കമ്മി ഗ്രാന്റ് കേന്ദ്രം നിർത്തലാക്കിയതോടെ ആകെ ഗ്രാന്റുകളിൽ 42% കുറവുണ്ടായി. ഇതോടെ റവന്യൂ കമ്മി ജിഎസ്ഡിപിയുടെ 2.49% ആയും ധനക്കമ്മി 3.86% ആയും ഉയർന്നു.

● സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 80 ശതമാനവും ചെലവാകുന്നത് ശമ്പളം (41,550 കോടി), പലിശ (29,138 കോടി), പെൻഷൻ (27,875 കോടി), സബ്സിഡികൾ (1,856 കോടി) എന്നീ ഇനങ്ങളിൽ.

● കേരളത്തിന്റെ കടബാധ്യത 4.45 ലക്ഷം കോടിയാണ്. കിഫ്ബി, പെൻഷൻ കമ്പനി എന്നിവയുടെ കടം (39,230 കോടി) കൂടി ചേർക്കുമ്പോൾ ആകെ കടം 4.85 ലക്ഷം കോടിയാകും (ജിഎസ്ഡിപിയുടെ 38.86%).

● കേന്ദ്ര ഗ്രാന്റുകൾ കുറഞ്ഞുവരുന്നതിനാൽ സംസ്ഥാനം നികുതി പിരിവു കാര്യക്ഷമമാക്കണം. നികുതി കുടിശിക ഉടൻ പിരിച്ചെടുക്കണം.

● കിഫ്ബി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വഴിയുള്ള എല്ലാ കടമെടുപ്പുകളും ബജറ്റിലും കേന്ദ്രത്തിനു നൽകുന്ന കണക്കിലും വെളിപ്പെടുത്തണം.